സാഹിത്യവാരഫലം

1986/07/13 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2021, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1986/07/13-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.



തെക്കനാഫ്രിക്കയിലെ നാടക കർത്താവായ ഏതൽ ഫൂഗാർഡിന്റെ (Athol Fugard, born 11-6-1932) ഏറ്റവും പുതിയ നാടകമാണ് "മെക്കയിലേക്കുള്ള പാത" (The Road to Mecca). പ്രതിഭ കൊണ്ടു യെനസ്കോ, ഡ്യൂറന്റ്, പിന്റർ ഇവർക്കൊക്കെ സമശീർഷനായ ഈ നാടക കർത്താവിന്റെ ഈ നാടകം വായിച്ച് ഞാൻ അത്ഭുതാധീനനായി ഇരുന്നു പോയി. Extraordinary, surprising എന്നും മറ്റുമുള്ള വാക്കുകൾ നിരൂപകർ പ്രയോഗിക്കാറുണ്ടെങ്കിലും ഈ ലേഖകൻ അത്തരം പ്രയോഗങ്ങൾ നടത്താറില്ല. എന്നാൽ അസന്ദിഗ്ദ്ധമായി തന്നെ ഇപ്പോൾ പറയുന്നു ഫൂഗാർഡിന്റെ ഈ നാടകം ആശ്ചര്യകരമാണെന്ന്. അതു വായിച്ചു കഴിഞ്ഞ ഞാൻ പുസ്തകത്തിൽ Haunting, fascinating എന്നു കുറിച്ചു. വീണ്ടും വായിച്ചു. Read Through again. Yes this is haunting, fascinating എന്നു പിന്നെയും എഴുതി. ദക്ഷിണാഫ്രിക്കൻ സമുദായത്തിന്റെ ഒരു പരിച്ഛേദ തലമാണ് ഈ നാടകം. പക്ഷേ, അത് യൂറോപ്പിലെയും ഇംഗ്ലണ്ടിലെയും അമേരിക്കയിലെയും സമുദായങ്ങളുടെ പരിച്ഛേദ തലങ്ങൾ തന്നെ. ഭാരതത്തിന്റെ വിവിധ സമൂഹങ്ങൾക്കും ഇതു പ്രാതിനിധ്യം വഹിക്കുന്നു. അങ്ങനെ സാർവജനീന സ്വഭാവം ഈ കലാസൃഷ്ടിക്കു കൈവന്നിരിക്കുന്നു.

ന്യൂ ബതസ്ഡയിലെ കരു ഗ്രാമത്തിൽ ഹെലൻ താമസിക്കുന്നു. അറുപതു കഴിഞ്ഞ വൃദ്ധ. ശില്പങ്ങൾ നിർമ്മിക്കുന്നതിലാണ് അവർക്കു താത്പര്യം. അവരുടെ മുറിയൊന്നു കണ്ടാൽ മതി ഏതു മാന്ത്രിക അന്തരീക്ഷത്തിലാണ് അവർ കഴിഞ്ഞുകൂടുന്നതെന്ന് വ്യക്തമാകും. ചുവരുകളിലാകെ വിവിധ വർണ്ണങ്ങളാർന്ന കണ്ണാടികൾ. മച്ചിലും തറയിലും പല നിറങ്ങളിലുള്ള ക്ഷേത്ര വിദ്യാനുസാരിയായ പാറ്റേണുകൾ. പതിനഞ്ചു വർഷം മുൻപ് ഒരു ദിവസം രാത്രി ഹെലന്റെ ഭർത്താവു മരിച്ചു. അന്നു തൊട്ട് ഇരുട്ട് അവരെ പേടിപ്പിക്കുകയാണ്. ആ അന്ധകാരം അവരുടെ ഉള്ളിലാണ്. പുറത്തുള്ള ഇരുട്ട് മെഴുകുതിരി കത്തിച്ചു വച്ചാൽ ഇല്ലാതാകും. പക്ഷേ, അന്തരംഗത്തിലെ അന്ധകാരം ഇല്ലാതാക്കാൻ ഏതു മെഴുകുതിരിക്കു കഴിയും?


മെക്ക

കരു ഗ്രാമത്തിലെ സ്വന്തം ഭവനത്തെ മെക്കയ്ക്കു സദൃശമാക്കാനാണ് അവർക്കു കൗതുകം. അതേ സമയം ഒട്ടകങ്ങളും മിനററ്റുകളും—പ്രാസാദശിഖരങ്ങളും—കൊണ്ട് അതിസുന്ദരമായ മെക്കയെ ഭാവന കൊണ്ടു സാക്ഷാത്കരിക്കാനും അവർക്ക് താല്പര്യമുണ്ട്. ഭാവനയുടെ ലോകത്തു വിഹരിക്കുന്നവരെ സമുദായവും മതവും വെറുതേ വിടില്ല. ഹെലന്റെ വീട് ഭൂതങ്ങളുടെയും പ്രേതങ്ങളുടെയും ആവാസ കേന്ദ്രമാണെന്നു തെറ്റിദ്ധരിച്ച് ആളുകൾ അവരെ കല്ലെറിഞ്ഞു. കത്തിച്ചു വച്ച മെഴുകുതിരി കർട്ടനിൽ തീ പിടിപ്പിച്ചപ്പോൾ അയൽ വീട്ടുകാരൻ അതു കാണാനിടയായി. അല്ലെങ്കിൽ ഹെലൻ അഗ്നിക്കിരയായി പോയേനേ. ഈ അപകടം ഹെലന്റെ മാനസികമായ തകർച്ചയുടെ ഫലമാണെന്നു പറഞ്ഞു മതം മേരിയസ് എന്ന പുരോഹിതന്റെ രൂപമാർന്ന് അവരുടെ മുൻപിൽ എത്തുകയായി. പ്രായം ചെന്നവർക്കുള്ള ഒരാലയത്തിൽ ഹെലനെ മാറ്റി പാർപ്പിക്കാനാണ് അയാളുടെ യത്നം. എൽസ എന്ന ചെറുപ്പക്കാരി പന്ത്രണ്ടു മണിക്കൂർ നേരം കാറോടിച്ച് അവരുടെ വീട്ടിലെത്തിയില്ലെങ്കിൽ മേരിയസ് ഹെലനെ ആ ആലയത്തിൽ കൊണ്ടാക്കുമായിരുന്നു. എൽസയുടെ സത്യദർശനം ഹെലനും ലഭിച്ചു. അവർ മേരിയോസിനോടു പറയുന്നതു കേട്ടാലും" "അതാണ് കിഴക്കു ദിക്ക്. അങ്ങനെത്തിലേക്കു ചെല്ലൂ. എന്റെ വിജ്ഞന്മാരാകെ, അവരുടെ ഒട്ടകങ്ങളാകെ അങ്ങോട്ടേക്കു സഞ്ചരിക്കുന്നതു നിങ്ങൾക്കു കാണാം. ആ മെഴുകുതിരി വെളിച്ചത്തെ അനുഗമിക്കൂ. ഒരു ദിവസം നിങ്ങൾ മെക്കയിലെത്തും… പ്രകാശത്തിന്റെയും വർണ്ണത്തിന്റെയും നഗരം. ഞാൻ സങ്കല്പിച്ചതിനെക്കാളൊക്കെ മനോഹരം. കൊട്ടാരങ്ങളും സുന്ദരങ്ങളായ കെട്ടിടങ്ങളും എങ്ങുമുണ്ട്. കണ്ണഞ്ചിക്കുന്ന വെണ്മയാർന്ന ഭിത്തികളും മിന്നുന്ന പ്രാസാദ ശിഖരങ്ങളും. വിചിത്രങ്ങളായ പ്രതിമകൾ അങ്കണങ്ങളിൽ. തെരുവുകളിൽ ഒട്ടക കൂട്ടം. എനിക്ക് അറിയാൻ പാടില്ലാത്ത ഭാഷ സംസാരിക്കുന്ന, തലപ്പാവു കെട്ടിയ ആളുകൾ… അതാണു മെക്ക. മഹനീയമായ ദേവാലയത്തിലേക്കു പോകുകയായിരുന്നു ഞാൻ".

പ്രതീക്ഷ നിരാശതയിലേക്കും നിരാശത പ്രതീക്ഷയിലേക്കും പോകുന്ന ഈ നാടകത്തിൽ. മനുഷ്യജീവിതത്തിന്റെ കോമഡിയും ട്രാജഡിയും ഇതിലുണ്ട്. എൽസ കാറോടിച്ചു വരുമ്പോൾ, ഭർത്താവു നഷ്ടപ്പെട്ട ഒരു ചെറുപ്പക്കാരി കുഞ്ഞിനെ മുതുകിലേറ്റി നടന്നു വരുന്നതു കണ്ടു. അവൾ ആ സ്ത്രീയെ കാറിൽ കയറ്റി, ഒരു വളവിൽ കൊണ്ടു വന്നു വിട്ടു. പിന്നെയും 'ലിഫ്റ്റ്' കിട്ടിയില്ലെങ്കിൽ അവൾക്ക് എൺപതു നാഴിക നടക്കണം ഏതെങ്കിലും ബന്ധു ഭവനത്തിലെത്താൻ. നമ്മുടെ ജീവിതത്തിന്റെ ഒരു ഹ്രസ്വചിത്രമാണിത്. ഓരോ വ്യക്തിക്കും ജീവിതത്തിൽ കിട്ടുന്ന സഹായം തുച്ഛം. ആ വ്യക്തി ഒറ്റയ്ക്ക് മണൽക്കാട്ടിലൂടെ നടക്കുന്നു. ചെല്ലേണ്ടിടത്തു ചെന്നാലായി. അത്രേയുള്ളൂ. ഈ സ്ത്രീയുടെ ചിത്രം ഗ്രന്ഥമടച്ചു വച്ചിട്ടും എന്നെ 'ഹോണ്ട്' ചെയ്യുന്നു. നാടകത്തെ കുറിച്ച് ഒരു നിരൂപകൻ പറഞ്ഞു: It is a colossal subject and a frightening one… I am a little dazzled by it. And profoundly moved. ഉത്കൃഷ്ട സാഹിത്യമെന്തെന്നു ഗ്രഹിക്കാൻ ഈ നാടകം വായിച്ചു നോക്കേണ്ടതാണ് (Road to Mecca, Faber, £3.95, p. 79).

കൊല്ലുന്ന രാജാവിനു…

കുങ്കുമം വാരികയിൽ "ആദ്യരാത്രി" എന്ന കഥ രാക്ഷസീയത ചമച്ചു വച്ച എടത്വാ പരമേശ്വരൻ താനൊരു കഥാകാരനാണെന്നു വിചാരിക്കുന്നുണ്ടോ? അതോ അദ്ദേഹത്തിന്റെ കൂട്ടുകാർ അങ്ങനെ കരുതുന്നുണ്ടോ? എന്തായാലും അതിന്റെ ഘോരാകൃതി കണ്ടിട്ട് ഞാൻ മൗനം അവലംബിക്കുകയാണ്. എന്റെ മൗനം പ്രതിഷേധ സൂചകമാണെന്നു മാത്രം കരുതിയാൽ മതി.

കഥയുടെ ബീഭത്സരൂപം നിസ്സാരമാക്കുന്നു അതിനു ജയമോഹനൻ വരച്ചു ചേർത്ത ചിത്രം. പ്രഥമ രാത്രിയിൽ ഭർത്താവിന്റെ നെഞ്ചിൽ തല വച്ചു കരയുന്ന ഭാര്യയുടെ ചിത്രം നോക്കൂ. കാതിലിടുന്ന കുണുക്കു പോലെ കണ്ണീർത്തുള്ളി. ചില ആണുങ്ങൾ തോളിൽ തൂക്കിപ്പിടിച്ചു കൊണ്ടു നടക്കുന്ന ഒരുതരം വി. ഐ. പി. സ്യൂട്ട്കേസ് കണ്ടിട്ടില്ലേ? ആ ബാഗ് പോലുള്ള മൂക്ക്. പടവലങ്ങയുടെ 'റെന്റ്ഡ്രിൽസ്' പോലെ തലമുടിച്ചുരുളുകൾ. പെണ്ണു കരയുകയാണെന്നാണ് സങ്കല്പം. പക്ഷേ, ചിരിക്കുകയാണെന്നേ തോന്നൂ. കൈയാണ് ബഹുകേമം. വാഴക്കുമ്പു പോലിരിക്കുന്നു. പെണ്ണിന്റെ തുറപ്പ പോലുള്ള (ചൂല്പോലുള്ള) മുടിയിൽ ഒരുത്തൻ താടിയമർത്തി കണ്ണടച്ചിരിക്കുന്നു. ദുഃഖമല്ല അയാളുടെ മുഖത്ത്. ഈ മുടിയുടെ നാറ്റം എങ്ങനെ സഹിക്കാനാണ് എന്ന രീതിയിലാണ് മുഖഭാവം. കൊല്ലുന്ന രാജാവിനു തിന്നുന്ന മന്ത്രി എന്നു പറഞ്ഞതു പോലെ കഥയ്ക്കു ചേർന്ന പടം. ഈ കഥ അവസാനിക്കുന്നിടത്തു മറ്റൊരു മാന്യൻ എഴുതിയ ഒരു കൊച്ചു ലേഖനമുണ്ട്. അതിന്റെ തലക്കെട്ട് "അതു കൊലപാതകമാണ്" എന്നത്രേ. എടത്വാ പരമേശ്വരന്റെ കഥയ്ക്കും ജയമോഹനന്റെ ചിത്രത്തിനും ചേർന്നതാണ് ഈ 'ക്യാപ്ഷൻ'.

കലാപരമായ ആവിഷ്കാരത്തിനു ജന്മനാ കഴിവുണ്ടായിരിക്കണം. ഉറൂബിന്റെ ഒരു കഥയുടെ ആരംഭം നോക്കുക.

> "നിരന്നു പരന്ന ചായത്തോട്ടവും, തോളുരുമ്മിയുരുമ്മി പോകുന്ന കുന്നുകളും പിന്നുറത്തു ചിതറി കിടക്കുന്ന കുറച്ചു കാട്ടും ശബ്ദ കോലാഹലമുണ്ടാക്കുന്ന പക്ഷികളും കഴിച്ചാൽ തികച്ചും ഏകാന്ത ഭീകരമായിരുന്നു ആ വയനാടൻ കുന്നിൻ ചെരുവിലുള്ള എന്റെ ജീവിതം".

ഈ വാക്യം ഞാനൊന്നു മാറ്റി എഴുതട്ടെ:

> "ചായത്തോട്ടങ്ങൾ നിരന്നു പരന്നവ. കുന്നുകൾ തോളുരുമ്മിയുരുമ്മി പോകുന്നു എന്നു തോന്നും. പിറകു വശത്ത് ചിതറി കിടക്കുന്നതു കുറച്ചു കാടാണ്. പക്ഷികൾ ശബ്ദ കോലാഹലമുണ്ടാക്കുന്നു. ഇവയൊഴിച്ചാൽ ആ വയനാടൻ കുന്നിൻ ചെരുവിലെ എന്റെ ജീവിതം ഏകാന്ത ഭീകരമായിരുന്നു".

രണ്ടിലെയും ആശയങ്ങൾ സദൃശങ്ങൾ. എന്നാൽ ഉറൂബിന്റേത് കലാത്മകമായ ഭാഷ. എന്റേത് കലാരഹിതമായ ഭാഷ. സാഹിത്യകാരൻ പരമ ഫലത്തെ ലക്ഷ്യമാക്കി പദപ്രയോഗത്തിൽ ചില മാറ്റങ്ങൾ വരുത്തും. എടത്വാ പരമേശ്വരന്റെ ഇതിവൃത്തം ഉറൂബ് പ്രതിപാദിച്ചിരുന്നെങ്കിൽ അതു സാഹിത്യത്തിന്റെ മണ്ഡലത്തിൽ പ്രവേശിച്ചേനേ. ജയമോഹനനു പകരം നമ്പൂതിരിയാണ് ചിത്രം വരച്ചതെങ്കിൽ നമ്മൾ അതിൽ നിന്നു കണ്ണെടുക്കുമായിരുന്നില്ല. കഴിവുള്ളവരോട് കഴിവില്ലാത്തവരെ താരതമ്യപ്പെടുത്തുകയല്ല ഞാൻ. സാഹിത്യമെന്ത് എന്നു വിശദമാക്കാൻ ശ്രമിക്കുന്നതേയുള്ളൂ.

ആണി അടിക്കുന്നു

ഈ ലോകത്തു കള്ളം പറയാതെ ആർക്കും ജീവിക്കാൻ ഒക്കുകയില്ല. അതുകൊണ്ട്, ഏറ്റവും കുറച്ചു കള്ളം പറയുന്നവനെ മാന്യനായി കരുതാം. ഞാൻ കള്ളം പറയും. അതു ചില സന്ദർഭങ്ങളിൽ മാത്രം. പുസ്തകമെഴുതി അതിന്റെ ഒരു പ്രതികൊണ്ടുവന്ന് അനുകൂലമായി പത്രത്തിൽ എഴുതണമെന്ന് എന്നോട് ആവശ്യപ്പെടുന്നവർ ധാരാളം. അവരോട് 'എഴുതാം' എന്നു ഞാൻ പറയും.

ഞാൻ ഒരിക്കൽ ഒരു റെയിൽവേയുടെ അടുത്തു താമസിച്ചിരുന്നു. എന്റെ വീടും പാളവും തമ്മിലുള്ള ദൂരം ഏതാനമടികൾ മാത്രം. തീവണ്ടി ഇരമ്പി പോകുമ്പോൾ എന്റെ വീടു വിറയ്ക്കും. ഞാൻ ഞെട്ടും. ഋതുക്കൾ മാറുമ്പോൾ എന്റെ ഭവനത്തിനു മാറ്റം വരാറുണ്ട്. കോടക്കാറ്റ് അടിക്കുമ്പോൾ അത് പൂന്തോട്ടത്തിലെ പരിമളം അത് ആവാഹിക്കും. ശരൽകാല നിശീഥിനികളിൽ അതു തെളിഞ്ഞു നിൽക്കും. പക്ഷേ, ശിശിരമായാലും ശരത്തായാലും റെയിൽവേക്കും തീവണ്ടിക്കും മാറ്റമില്ല. അതു ഭൂമണ്ഡലത്തെ പ്രകമ്പനം കൊള്ളിച്ചു പാഞ്ഞു പോകും. ആദ്യമൊക്കെ എനിക്കു വല്ലാത്ത അസ്വസ്ഥതയായിരുന്നു. ക്രമേണ അതു കുറഞ്ഞു കുറഞ്ഞു വന്നു. ഒടുവിൽ തീരെയില്ലാതെയായി. ഏതു തീവണ്ടി എത്ര നിർഘോഷത്തോടെ പോയാലും ഞാനതു അറിയുകയില്ല എന്ന സ്ഥിതിയിലെത്തി. സാഹിത്യത്തിലും ഇതു തന്നെയാണ് സംഭവിച്ചത്. ഇടപ്പള്ളി കവികളുടെ കാലം കഴിഞ്ഞു. ഇടശ്ശേരി, വൈലോപ്പിള്ളി, കുഞ്ഞിരാമൻ നായർ ഇവർ കാവ്യങ്ങൾ രചിച്ചു കൊണ്ടിരുന്നെങ്കിലും അവരുടെയും കാവ്യജീവിത കാലം കഴിഞ്ഞു. അപ്പോഴാണ് ആശാരിമാർ പലക കഷ്ണങ്ങൾ ചേർത്തു വച്ചു മരയാണികൾ അടിച്ചു കയറ്റുന്നതു പോലെ ആശയ ഫലകങ്ങൾ ചേർത്തു വച്ച് പദകീലങ്ങൾ അടിച്ചു കയറ്റുന്ന പുതിയ കവികൾ വരുന്നു. ഞാൻ ഞെട്ടിയില്ലെങ്കിലും അക്ഷരാർത്ഥത്തിൽ എനിക്കു വെറുപ്പുണ്ടായി. ഇന്ന് അമ്മട്ടിലുള്ള ഏതു 'കാവ്യവും' ഒരു ക്ഷോഭവും വിദ്വേഷവും കൂടാതെ എനിക്കു വായിക്കാൻ സാധിക്കും. തകഴിയും കേശവദേവും എഴുതി കൊണ്ടിരിക്കുമ്പോൾ തന്നെ "അവൾ മഞ്ഞ മഞ്ഞസ്സാരിയുടുത്ത് നീല നീല ബ്ലൗസിട്ട് കാമുകന്റെ മാറിൽ ഒട്ടിയൊട്ടി നിന്നു" എന്നെഴുതുന്ന ഒരു കൂട്ടർ ആവിർഭവിച്ചു. കുറെയേറെ വായിച്ചപ്പോൾ പ്രതികരണമില്ലാതെയായി. അതുകൊണ്ട് ഇന്നു ഉണ്ണി ജോസഫ് എന്ന സ്യൂഡോ സാഹിത്യകാരൻ "ഈ ഒഴുക്കിന്റെ മുദ്രസ്വനങ്ങളിൽ, ഈ പച്ചപ്പടർപ്പുകളിൽ, ഈ പാറക്കൂട്ടങ്ങൾക്കിടയിൽ എത്രയോ വട്ടം, നമ്മൾ നിർവൃതികൾ കൈമാറിയിട്ടുണ്ട്. രതീ… നീ ഓർക്കുന്നോ ആ സന്ധ്യകളൊക്കെ!" എന്നെഴുതുമ്പോൾ (എക്സ്പ്രസ്സ് വാരിക–'പിന്നെയും ഒരു വസന്തം') എനിക്കൊരു അസ്വസ്ഥതയുമില്ല. തീവണ്ടിയുടെ കാതടിപ്പിക്കുന്ന ശബ്ദം ഞാനറിയുന്നില്ല. ഈ പദങ്ങളുയർത്തുന്ന പ്രമേയവും മറ്റും പറയേണ്ടതില്ല. പൈങ്കിളിയാണ്. എല്ലാ പൈങ്കിളിക്കഥകൾക്കും ഒരു വിഷയവും ഒരു പ്രമേയവും മാത്രമേയുള്ളൂ.

സത്യം, അസത്യം

എൻ. കൃഷ്ണപിള്ള

ഈ ലോകത്ത് കള്ളം പറയാതെ ആർക്കും ജീവിക്കാനൊക്കുകയില്ല. അതു കൊണ്ട് ഏറ്റവും കുറച്ചു കള്ളം പറയുന്നവനെ മാന്യനായി കരുതാം. ഞാൻ കള്ളം പറയും. അതു ചില സന്ദർഭങ്ങളിൽ മാത്രം. പുസ്തകമെഴുതി അതിന്റെ ഒരു പ്രതി കൊണ്ടുവന്ന് അനുകൂലമായി പത്രത്തിൽ എഴുതണമെന്ന് എന്നോട് ആവശ്യപ്പെടുന്നവർ ധാരാളം. അവരോട് 'എഴുതാം' എന്നു ഞാൻ പറയും. പിന്നേയും പിന്നേയും നിർബന്ധിക്കുമ്പോൾ 'തീർച്ചയായും എഴുതാം' എന്നായിരിക്കും എന്റെ മറുപടി. എഴുതുകയുമില്ല. അതിനു കാരണമില്ലാതില്ല. ഏതെങ്കിലും പുസ്തകം വായിച്ചു കഴിയുമ്പോൾ ഇതിനെക്കുറിച്ച് എഴുതിയേ മതിയാവൂ എന്ന എനിക്കു തോന്നും. അതിനെപ്പറ്റി എഴുതും. എൻ. കൃഷ്ണപിള്ളയുടെ "പ്രതിപാത്രം ഭാഷണഭേദം" എന്ന ഗ്രന്ഥം വായിച്ചപ്പോൾ എഴുതിയേ മതിയാവൂ എന്ന് എനിക്കു തോന്നി. ഗ്രന്ഥകാരൻ അറിഞ്ഞതു പോലുമില്ല. ഞാനെഴുതി. ഇമ്മട്ടിലല്ലാതെ മേന്മയില്ലാത്ത ഒരു പുസ്തകത്തെക്കുറിച്ചും എത്ര നിർബന്ധമുണ്ടായാലും ഞാൻ എഴുതുകില്ല. പ്രേരിപ്പിക്കുമ്പോഴൊക്കെ എഴുതാമെന്നു പറയും. ഈ അസത്യഭാഷണം ഭീരുത്വവും തെറ്റുമാണെന്ന് എനിക്കറിയാം. എങ്കിലും വായനക്കാർ എനിക്കു മാപ്പു തരണം. ഈ അസത്യഭാഷണത്തിലൂടെ ഗ്രന്ഥം നിരൂപണാർഹമല്ല എന്ന സത്യം ഞാൻ സൂചിപ്പിക്കുകയാണല്ലോ. സാഹിത്യം ഒരു തരത്തിൽ അസത്യകഥനമാണ്. പക്ഷേ ആ അസത്യകഥനം സത്യകഥനമായി തോന്നുന്നു എന്നതാണ് അതിന്റെ സവിശേഷത. വൈലോപ്പിള്ളിയുടെ 'പാവക്കിനാവോ' ഇടശ്ശേരിയുടെ 'പൂതപ്പാട്ടോ' വായിക്കൂ. അസത്യമാണ് രണ്ടുപേരും പറയുന്നത്. എന്നാൽ കാവ്യങ്ങൾ വായിച്ചു കഴിയുമ്പോൾ സത്യത്തിന്റെ സത്യം നമ്മൾ ദർശിക്കുന്നു; അനുഭവിക്കുന്നു.

> "നേരം പുലരുവാനേഴരനാഴിക
> രാവിന്നുഷച്ചോപ്പിലേഴരഞ്ഞാണാന
> ആയിരംകൈത്തിരി കത്തിച്ചനില്ലമീ-
> യേകാന്തദീപ്ത മനോഹരസംക്രമം"

എന്ന് അപ്പൻ തമ്പുരാൻ എഴുതിയതു (മാമാങ്കം) ഞാൻ ഏകാന്തതയിലിരുന്നു വായിക്കുമ്പോൾ ലയം നൽകുന്ന സുഖം എനിക്കുണ്ടാവുന്നു. എങ്കിലും സത്യമല്ലല്ലോ ഇതു എന്നൊരു തോന്നലും. "കന്യകമാർക്കു നവാനരാഗങ്ങൾ കുമ്പശോണ സ്ഫടികവളകൾ. ഒന്നു പൊട്ടിയാൽ മറ്റൊന്ന്…" എന്ന് ഉറക്കെച്ചൊല്ലുമ്പോൾ ലയത്തിലൂടെ ഞാൻ സത്യത്തിന്റെ മണ്ഡലത്തിൽ ചെല്ലുന്നു. ആ പ്രവേശം ഇവിടെ സാദ്ധ്യമാകുന്നില്ല.

ജോർജ് ജോസഫ് കെ.



ഷ്ടെഫാൻ ത്സ്വൈഹിന്റെ (Stefan Zweig, 1881–1942, ആസ്ട്രിയൻ സാഹിത്യകാരൻ) "മേരി ആങ്ത്വേനത്" (Marie Antoiette) എന്ന ഗ്രന്ഥം ഞാൻ വായിച്ചിട്ടുണ്ട്. അതിൽ ഞെട്ടിപ്പിക്കുന്ന ഒരു സംഭവം വിവരിച്ചിരിക്കുന്നു. രാജ്ഞിയും അവരുടെ ആറോ ഏഴോ വയസ്സുള്ള മകനും കാരാഗൃഹത്തിലെ ഒരു മുറിയിൽ കഴിയുകയാണ്. വിപ്ലവകാരികൾ പറഞ്ഞു അമ്മ മകനുമായി ലൈംഗികവേഴ്ച നടത്തിയിരുന്നുവെന്ന്. മകനെക്കൊണ്ട് അവർ അതു പറയിച്ചപ്പോൾ മേരി കണ്ണീരോടെ അറിയിച്ചു: "ഒരു കൊച്ചു കുഞ്ഞിനെക്കൊണ്ടു നിങ്ങൾക്ക് എന്തും പറയിക്കാമല്ലോ". (ഓർമ്മയിൽ നിന്ന് എഴുതുന്നു.) അതിനു ശേഷം രണ്ടുപേരെയും രണ്ടു തടവറകളിലാക്കി അവർ. ഫ്രഞ്ച് വിപ്ലവകാരികളും ഇന്നത്തെ ലോകത്തെ മറ്റേതു രാജ്യത്തിലെ ആളുകളും തമ്മിൽ ഒരു വ്യത്യാസവുമില്ല. ഒരു രസത്തിനു വേണ്ടി ആളുകൾ എന്തും ഏതും ആരെക്കുറിച്ചും പറയും, പ്രചരിപ്പിക്കും. ഈ അപവാദ വ്യവസായവും വ്യക്തിദ്രോഹവും മനുഷ്യനെ ഏതു ദുരന്തത്തിലെത്തിക്കുമെന്ന് ജോർജ് ജോസഫ് കെ. ഹൃദ്യമായ ഒരു ചെറുകഥയിലൂടെ ചിത്രീകരിച്ചിരിക്കുന്നു (മനോരാജ്യം, കരിശിലെ രാത്രി). സഹോദരനും സഹോദരിയും. അവർ ഒരുമിച്ചു കഷ്ടപ്പെട്ടു കഴിയുന്നു. സമുദായം അയാളെ കൂട്ടിക്കൊടുക്കുന്നവനെന്നു വിളിച്ചു. അവളുടെ ജാരനാക്കി. ഒടുവിൽ അവളെ ബലാൽസംഗം ചെയ്തിട്ട് പള്ളിയിലെ പാതിരി ചെയ്തതാണ് അതെന്നു വരുത്തിക്കൂട്ടി, നിയന്ത്രണത്തോടുകൂടി സുശിക്ഷിതത്ത്വത്തോടുകൂടി കഥാകാരൻ എഴുതുന്നു. ശൈഥില്യം ഒരിടത്തുമില്ല. അതിഭാവുകത്വം തീരെയില്ല. കോപമില്ല. നിസ്സംഗതയോടെ നിന്നു "നോക്കൂ, ഇതാണു ലോകം" എന്നു കഥാകാരൻ പറയുന്നു. നമ്മൾ നോക്കുന്നു. ഞെട്ടുന്നു. മനുഷ്യന്റെ വേദനകളിൽ പ്രതികരിക്കാൻ കഴിയുന്ന ഒരെഴുത്തുകാരന്റെ സർഗ്ഗാത്മകത്വം ഞാൻ ഈ കഥയിൽ ദർശിക്കുന്നു.

സോപ്പ് എവിടെ?

ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസിലെ അംഗവും ധനകാര്യ മിനിസ്ട്രിയിൽ മുൻപ് ജോയിന്റ് സെക്രട്ടറിയുമായിരുന്ന ജഗന്നാഥ് പ്രസാദ് ദാസ് ഒറീസ്സയിലെ വലിയ സാഹിത്യകാരനാണെന്നു ഇലസ്ട്രേറ്റഡ് വീക്ക്ലിയിൽ കാണുന്നു.അദ്ദേഹത്തിന്റെ The spider's Web എന്ന ചെറുകഥ ഒറിയ ഭാഷയിൽ നിന്നു മൂന്നു പേർ കൂടി ചേർന്നു ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്തു നമുക്കു തരുന്നു. വീക്ക്ലിയുടെ പ്ലേറ്റിൽ ഇരിക്കുന്ന ഈ കട്ട്ലറ്റ് നമ്മുടെ ഈസ്തെറ്റിക് ഡിജസ്ച്ചൻ വേണ്ടി (aesthetic digestion) തിന്നാവുന്നതേയുള്ളൂ. ഞാൻ മാംസം കഴിക്കുന്നവനല്ല. എങ്കിലും സെക്സിന്റെ ഇറച്ചി കൊണ്ടുണ്ടാക്കിയ ഈ കട്ട്ലറ്റ് ഞാൻ ചവച്ചരച്ചു തിന്നു. ഇനി ഒരു ഡോസ് കാർമിനേറ്റീവ് മിക്സ്ചർ കഴിക്കണം. ഭാര്യയും ഭർത്താവും. ബന്ധം അതായിട്ടും സെക്സിന്റെ അതിപ്രസരവും അധിപ്രസരവും. (അതിപ്രസരം=ആധിക്യം, അധിപ്രസരം=സ്വാധീനം) ഓഫീസിൽ പോകാൻ അവൾ അയാളുടെ മുൻപിൽ നിന്നു സാരി മാറുന്നു. അയാൾക്കു കാമമിളകി [ഏതു ഭർത്താവിനാണ് ഭാര്യയുടെ നഗ്നത കണ്ടു കാമമിളകുന്നത്?—ലേഖകൻ]. അവൾ ഓഫീസിൽ പോകരുതെന്ന് അയാൾ. ഡ്രസ്സ് ചെയ്തു കഴിഞ്ഞിട്ട് അയാൾ അഭ്യർത്ഥിക്കാതെ തന്നെ അവൾ അതഴിച്ചിടുന്നു. പിന്നെ അവൾ അയാളുടെ ഷർട്ട് അഴിച്ച് തോളിൽ കിടക്കുന്നു. അയാൾ അവിടെ നിന്നു പോകാൻ ഭാവിക്കുന്നു. ഒടുവിൽ തിരിച്ചു വന്ന് കിടക്കയിൽ കിടന്ന് ഷൂസ് ഊരുന്നു. (അയാൾ മാർകേസിന്റെ നോവൽ വായിച്ചിട്ടില്ല. 'കലാധിപതിയുടെ പതനം' എന്ന നോവലിലെ ഡിക്റ്റേറ്റർ ബൂട്ട്സ് ധരിച്ചുകൊണ്ടാണ് വേഴ്ച നടത്തുന്നത്.) ഈ കഥയിൽ കലയില്ല. വിഷ്ഫുൾ തിങ്കിങ്ങേയുള്ളൂ. കഥയ്ക്കു ഗൗരവം വരുത്താനായി സിംബലിസം കയറ്റിയിട്ടുണ്ട് കഥാകാരൻ. ഒരെട്ടുകാലി മുറിയുടെ ഒരു ഭാഗത്ത് വല നെയ്യുന്നു. സൗന്ദര്യത്തിന്റെയും സെക്സിന്റെയും വല നെയ്തു അവൾ അയാളെ വീഴ്ത്തുമെന്നു സൂചന. പെൺ ചിലന്തി ആൺ ചിലന്തിയെ ചിലപ്പോൾ തിന്നാറുണ്ടല്ലോ. അവളും അതു ചെയ്യേക്കും. ഇത്ര ചീപ്പായ—വിലകുറഞ്ഞ സിംബലിസം ഇക്കാലത്തു മാകാമെന്നു കരുതിയ ചങ്കൂറ്റം അസാധാരണം തന്നെ. ദാരിദ്ര്യം കൊണ്ട് മുഷിഞ്ഞ ഷർട്ടും പാന്റ്സും മാറ്റാൻ ചിലർക്കു വയ്യ. എങ്കിലും ശുചിത്വം പരിപാലിക്കുന്നവരുടെ ഇടയിൽ അവർക്കു കയറിച്ചെല്ലണം, അങ്ങനെ തള്ളിക്കയറുന്ന ഭാവനാദരിദ്രനാണ് ജഗന്നാഥ് പ്രസാദ് ദാസ് ഐ. എ. എസ്സ്. "ദൂത്" എന്ന വിശിഷ്ടമായ കഥയെഴുതിയ സേതുവിന്റെ നാട്ടിലേക്കാണല്ലോ അദ്ദേഹം വരുന്നത്! വസ്ത്രങ്ങൾ കഴുകാൻ വാഷിങ്സോപ്പ്, വായനക്കാരായ ഞങ്ങൾ ജഗന്നാഥ് പ്രസാദ് ദാസിന് അയച്ചുകൊടുക്കാം.

ചെറിയാൻ കെ. ചെറിയാൻ

അടൂർ ഭാസിയുടെ ഒരു നേരമ്പോക്കുണ്ട്. 'ദുനിയാമ്മേ കോൻ ഹമാര' എന്ന നാലു വാക്കറിഞ്ഞാൽ വടക്കേയിന്ത്യ മുഴുവൻ സഞ്ചരിക്കാമെന്ന്. ഒരു ഗ്ലാസ് വെള്ളം വേണമെങ്കിൽ കൈകൊണ്ടു ഗ്ലാസ്സിന്റെ ആകൃതി കാണിക്കണം. വെള്ളം കുടിക്കുന്ന രീതി നടിക്കണം. കൂടെ മുകളിലെഴുതിയ വാക്കുകളും പറയണം. വെള്ളം കിട്ടും. "നീ ഇത്രയ്ക്കു ചീത്തയായിപ്പോയോ?" എന്നാണു ചോദിക്കേണ്ടതെങ്കിൽ മുഖമൊന്നു വക്രിപ്പിച്ചു രണ്ടു കൈകൊണ്ടും യോജിച്ച ചേഷ്ടകൾ കാണിച്ച് ഈ ഹിന്ദി വാക്കുകൾ പറഞ്ഞാൽ മതി. ശ്രോതാവിനു കാര്യം മനസ്സിലാകും.


സ്വിഫ്റ്റ്

സ്വിഫ്റ്റിന്റെ Gulliver's Travels എന്ന കൃതിയിലെ ഒരു ഭാഗം ഓർമ്മയിലെത്തുന്നു. കഥാനായകന്റെ മൂന്നാമത്തെ യാത്രയാണ്. ആ യാത്രാവിവരണത്തിലൊരിടത്ത് സ്വിഫ്റ്റ് ഇങ്ങനെ ഒരഭിപ്രായം രേഖപ്പെടുത്തുന്നു. എപ്പോഴും സംസാരിച്ചാൽ ശ്വാസകോശത്തിനു കേടുവരും. ഒരു വാക്കു പറയുമ്പോൾ ശ്വാസകോശം ചുരുങ്ങും. പലവാക്കുകളായാലോ? പിന്നെ പറയാനുമില്ല. അതുകൊണ്ട് നമുക്കെന്തെല്ലാം വേണമോ അവയൊക്കെ മുതുകിൽ കെട്ടിക്കൊണ്ടു നടക്കണം. ആപ്പിൾ വേണോ? മുതുകിൽനിന്ന് ഒരാപ്പിളെടുത്തു കാണിച്ച് ആംഗ്യം പ്രദർശിപ്പിക്കണം. അനേകം ആപ്പിൾ കിട്ടും. വാക്കും വസ്തുവും തമ്മിൽ ബന്ധമില്ലെന്നു കാണിക്കുകയാവണം സ്വിഫ്റ്റ്. മഹാനായ സ്വിഫ്റ്റ് എവിടെ? ക്ഷുദ്രജീവിയായ ഞാനെവിടെ? എങ്കിലും സ്വിഫ്റ്റിനോട് എനിക്കു യോജിക്കാൻവയ്യ. വാക്കും വസ്തുവും ഒന്നാണ്. വേറേ, വേറേ എന്ന നിലയല്ല അവയ്ക്ക്. വാക്കു വസ്തുവായും വസ്തു വാക്കായും ആവിർഭവിക്കുന്നു. ഞാൻ എഴുതാനുപയോഗിക്കുന്ന ഈ ഉപകരണത്തെ പൊതിയുന്ന ഒന്നാണ് 'പേന' എന്ന പദമെന്ന് ചിലർ കരുതുന്നു. അതു ശരിയല്ല. ഈ ഉപകരണവും പേന എന്ന വാക്കും വിഭിന്നമല്ല. പാർവ്വതി പരമേശ്വരന്മാരെപ്പോലെ ജോജിച്ചിരിക്കുന്നു വാക്കും അർത്ഥവും. ഈ ചേർച്ച കാണണമെങ്കിൽ ചെറിയാൻ കെ. ചെറിയാൻ കലാകൗമുദിയിലെഴുതിയ "മത്സ്യഗന്ധി" എന്ന സുന്ദരമായ കാവ്യം വായിക്കണം. നാടകീയത നിറഞ്ഞുനില്ക്കുന്ന ഒരു പുരാണകഥാസന്ദർഭത്തെ കവി ഭാവനകൊണ്ടു പുനരാവിഷ്കരിക്കുന്നു. അതിന് അദ്ദേഹത്തെ സഹായിക്കുന്നത് വാക്കുകളുടെ സർഗ്ഗാത്മകമായ പ്രയോഗമാണ്.

> ശ്രീലയമുനാനദീതട സീമകൾ
> ആവിലമാക്കും രജനിയൊന്നിൽ
> ഓളം തുളുമ്പുന്നതീരത്തു ചേർന്നൊരു
> കേവഞ്ചിമെല്ലെയുലഞ്ഞിരുന്നു.
> വഞ്ചിതൻ വക്കത്തിരുന്നൊരുപെൺകൊടി
> എന്തോ പ്രതീക്ഷിക്കയായിരുന്നു.
> ആയവളായതലോചനാൽ ശ്രദ്ധിച്ച
> തേതോ ലതാഗൃഹമായിരുന്നു.

ഇത്രയും വായിച്ചുകഴിയുമ്പോൾ മത്സ്യഗന്ധിയും ശന്തനുവും ദേവവ്രതനും നമ്മുടെ മുൻപിൽ വരികയായി. അവരും പദങ്ങളും ഒന്നായി മാറുന്നു. അടുത്തകാലത്തു വായിച്ച ഉത്കൃഷ്ടങ്ങളായ കാവ്യങ്ങളിൽ ഒന്നാണ് ചെറിയാൻ കെ. ചെറിയാന്റെ "മത്സ്യഗന്ധി". ഇദ്ദേഹം വളരെക്കാലം മൗനം അവലംബിച്ചത് ശരിയായില്ല എന്ന് സ്നേഹം നല്കുന്ന അധികാരമുപയോഗിച്ചു പറയട്ടെ (സ്നേഹം എന്ന വാക്കു പ്രയോഗിച്ചതു തെറ്റിദ്ധാരണയ്ക്ക് ഇടയാകരുതേ. ഞാൻ ചെറിയാൻ കെ. ചെറിയാനെ ഇത് എഴുതുന്ന നിമിഷം വരെ കണ്ടിട്ടില്ല).

കട്ടനാട്ടു രാമകൃഷ്ണപിള്ള എന്നോടുപറഞ്ഞതാണിത്: ഫിലിപ്പീൻസിൽ ചെന്നയുടനെ അതിസുന്ദരിയായ ഒരു തരുണി പൂമാല കഴുത്തിലിട്ട്, 'അലോഹ' എന്നു പറഞ്ഞ് കെട്ടിപ്പിടിച്ചു. അവിടത്തെ ഒരു ഭക്ഷണശാലയിൽ എഴുതിവച്ചിരിക്കുന്നു: സിഗററ്റ്കുറ്റികൾ നിങ്ങൾ കാപ്പിലും സോസറിലും ഇടുകയാണെങ്കിൽ നിങ്ങൾക്കു കാപ്പി ആഷ്ട്രേയിൽ തരുന്നതാണ്. വാക്കുകളെ അനുഗൃഹീതരായ കവികൾ ഛന്ദസ്സിലിടുമ്പോൾ നവീനന്മാർ അവയെ നാലുപാടും വിതറുന്നു. ഛന്ദസ്സിലായ വാക്കുകളെ നമുക്ക് അടർത്തിയെടുക്കാൻ വയ്യ. വാരിവിതറിയ വാക്കുകളെ നമുക്കെടുത്തു കവിയുടെ മുഖത്തേക്കു തിരിച്ചെറിയാം. ആഷ്ട്രേയിൽ കാപ്പി കിട്ടാൻ മാത്രം അർഹതയുള്ളവരാണ് അവർ.

ബോംബെയിൽ നിന്നു നിർമ്മലാ വർമ്മ എഴുതുന്നു: "ഇപ്പോൾ നിങ്ങളുടെ സൈഡ് പോസല്ലേ കലാകൗമുദിയിൽ കൊടുക്കുന്നത്. ശരിയായ മുഖം കാണിക്കാൻ പത്രാധിപരോടു പറയൂ. നിങ്ങളുടെ മുഖത്തിന്റെ കുത്സിതത്വവും ദുഷ്ടതയും ഞങ്ങൾ കാണട്ടെ". ഈ കത്തെഴുതിയ നിർമ്മലയുടെ ശരിയായ പേര് നിർമ്മലയെന്നല്ല. അതിരിക്കട്ടെ, എന്റെ ദുഷ്ടതയും കുത്സിതത്വവും ആ സൈഡ്പോസിലും കാണാം. പിന്നെ എന്റെ മുഖത്തിന്റെ ആകൃതി എന്നെ വിഷമിപ്പിക്കാറില്ല. കണ്ണാടിയില്ലാതെ എനിക്കതു കാണാൻ വയ്യല്ലോ. പക്ഷേ, ഇമ്മാതിരി കത്തെഴുതുന്നവരുടെ മുഖം എന്റെ മുഖത്തെക്കാൾ ദുഷ്ടവും കുത്സിതവുമായിരിക്കും. ആ തിന്മകളുള്ളവർക്കേ ഇങ്ങനെ എഴുതാൻ പറ്റൂ.

നാനാവിഷയകം

> "ആത്മാവിലമൃതംപൊഴിക്കുമപ്രഭാതത്തി
> ലാദ്യമായ് തമ്മിൽക്കണ്ട സുന്ദര നിമിഷത്തിൽ
> മുഗ്ധസങ്കല്പത്താലെൻമനം മയൂരമായ്
> നിത്യദാഹമായ്, നിത്യമോഹവുമായി പിന്നെ"

സുധാകരൻ ആർ. കൊട്ടവത്ത് ചന്ദ്രിക വാരികയിലെഴുതിയ കാവ്യത്തിന്റെ ആരംഭം ഇങ്ങനെയാണ്—വികാരമില്ലാത്ത വെറും വാക്കുകളാണിവ. മുത്തില്ലാത്ത ചിപ്പി. ഒരു പഴഞ്ചൊല്ലുണ്ട്. ലോകത്ത് ഒരു കുഞ്ഞിനേ സൗന്ദര്യമുള്ളൂ; അത് ഓരോ അമ്മയുടെയും കുഞ്ഞാണ്. അതുകൊണ്ട് സുധാകരന് തന്റെ ആത്മസന്താനമായ ഈ 'കാവ്യം' മനോഹരമായി തോന്നുന്നുണ്ടാവും.

മെസ്മർ

ലോകഫുട്ബോളിന്റെ മാസ്മരികത എന്ന് കെ. ആർ. വേണുഗോപാൽ ചന്ദ്രിക ആഴ്ചപ്പതിപ്പിൽ—മാസ്മരികത എന്നൊരു വാക്ക് ഇല്ല. മെസ്മർ എന്ന ഭിഷഗ്വരനിൽനിന്നുണ്ടായതാണ് മാസ്മരം. അതിനെയാണ് മാസ്മരികതയാക്കുന്നത്. റിപ്വാൻവിങ്കിളിനെ പണ്ടാരോ ത്രിഭുവനവെങ്കലനാക്കിയതു് ഓർമ്മയിലെത്തുന്നു.

പ്രഥമരാത്രിയിൽ വരൻ സ്ക്വാഷ് കുപ്പിയിലാക്കിവച്ച് താൻ കുടിയനാണെന്ന് വധുവിനെ ബോധ്യപ്പെടുത്താൻ ശ്രമിച്ചു. അവൾ ആദ്യം വിശ്വസിച്ചു. പിന്നീട് നേരമ്പോക്ക് മനസ്സിലാക്കി. കാലം ചെന്നപ്പോൾ അവൾക്കു മദ്യം ഒഴിച്ചുകൂടാൻപാടില്ലാത്തതായി. പി. സജികുമാർ ജനയുഗം വാരികയിലെഴുതിയ ജി. കെ. നായരുടെ 'മണിയറയിൽ' എന്ന കഥയാണിത്—കടങ്കഥ ചോദിക്കട്ടെ.

ചോദ്യം, ഉത്തരം

ചോദ്യം: ഇട്ടാ പൊട്ടാ ഇംഗ്ളീഷ്മുട്ട?

ഉത്തരം: കടുക്.

ചോദ്യം: ഒരു കുപ്പിയിൽ രണ്ട്?

ഉത്തരം: മുട്ട.

ചോദ്യം: ഓർക്കാപ്പുറത്തു കേറി കടിക്കുന്നതെന്ത്?

ഉത്തരം: സജികുമാറിന്റെ കഥ.

ഇന്ത്യൻ ചെസ്സിൽ മന്ത്രിക്കു വലിയ ശക്തിയില്ല. ഇംഗ്ലീഷ് ചതുരംഗക്കളിയിൽ മന്ത്രിക്കുപകരം രാജ്ഞിയാണ്. രാജ്ഞിക്ക് എന്തെന്നില്ലാത്ത ശക്തിയാണ്. കുറുകെയും നെടുകെയും ഏങ്കോണിച്ചും എത്രവേണമെങ്കിലും പോകാം. കാലാൾ രണ്ടു ചതുരംഗക്കളിയിലും അശക്തം. എന്നാൽ ഇംഗ്ലീഷ് ചെസ്സിൽ കാലാൾ പ്രതിയോഗിയുടെ ഒന്നാം വരിയിലെത്തിയാൽ രാജ്ഞിയായി മാറും. നമ്മുടെ നാട്ടിൽ വിദഗ്ദ്ധനായ ഒരു ചതുരംഗം കളിക്കാരനുണ്ട്. പേരു പറയാൻ മടി. അദ്ദേഹം ഒരു കാലാളിനെ മുന്നോട്ടുനീക്കിക്കൊണ്ടിരിക്കുന്നു. പ്രതിയോഗി സൂക്ഷിച്ചു കളിച്ചില്ലെങ്കിൽ കാലൾ രാജ്ഞിയാകും. ഇപ്പോഴേ കാലാൾ പല കരുക്കളെയും വെട്ടുന്നു. രാജ്ഞി ആയാലുള്ള കഥ പറയാനുമില്ല.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്‌ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBARY
empowering the author ...

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/ സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു അയയ്ക്കുക.